പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 135

# 2022-ലെ കേരള പബ്ളിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 135

# 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ

1055/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 135

# 2022-ലെ കേരള പബ്ളിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ

കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ, കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികകളിലേയ്ക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും കേരളസർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെയല്ലാതെ മറ്റ് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ, കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികകളിലേയ്ക്ക്, ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യ പ്പെടുന്നതിന്മേൽ നിയമനം നടത്തുന്നതിന് ഉദ്യോഗാർത്ഥികളെ സെലക്ട് ചെയ്യുന്നതിന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുംവേണ്ടിസ്വയം ഭരണാധി കാരമുള്ള കേരള പബ്ളിക്എന്റർ പ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ, കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികകളിലേയ്ക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും

അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും, കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെയല്ലാതെ മറ്റുവകുപ്പുകളുടെ ഭരണനിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ, കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികകളിലേയ്ക്ക്, ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെടുന്നതിന്മേൽ ഉദ്യോഗാർത്ഥികളെ സെലക്റ്റ് ചെയ്യുന്നതിന് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനും വേണ്ടി സ്വയംഭരണാധികാരമുള്ള കേരള പബ്ളിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് രൂപീകരിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമം ഉണ്ടാക്കുന്നു:—

## അദ്ധ്യായം 1

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള പബ്ളിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2022 ജൂൺ 3-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ബോർഡ്" എന്നാൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച കേരള പബ്ളിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് എന്ന് അർത്ഥമാകുന്നു;

(ബി) "ബോർഡ് ഫണ്ട്" എന്നാൽ ആക്റ്റിന്റെ 10-ാം വകുപ്പിൻ കീഴിൽ വച്ചുപോരുന്നതായ ബോർഡ് ഫണ്ട് എന്നർത്ഥമാകുന്നു;

(സി) "ചെയർപേഴ്സൺ" എന്നാൽ ബോർഡിന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഡി) "ഗസറ്റ്" എന്നാൽ കേരള ഗസറ്റ് എന്നർത്ഥമാകുന്നു;

(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) "അംഗം" എന്നാൽ ബോർഡിന്റെ ഒരു അംഗം എന്ന് അർത്ഥമാകുന്നതും അതിൽ ചെയർപേഴ്സണും ഉൾപ്പെടുന്നതാകുന്നു;

(ജി) "വിജ്ഞാപനം" എന്നാൽ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എച്ച്) "മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ " എന്നാൽ വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൻ കീഴിൽ അല്ലാത്തതും സർക്കാരിന് ഭൂരിപക്ഷം ഓഹരി പങ്കാളിത്തമുള്ളതുമായ ഒരു കമ്പനിയോ, കോർപ്പറേറ്റ് ബോഡിയോ ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി ബോഡിയോ എന്നർത്ഥമാകുന്നു;

(ഐ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജെ) "പൊതുമേഖലാ സ്ഥാപനങ്ങൾ" എന്നാൽ വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൻ കീഴിൽ ഉള്ളതും സർക്കാരിന് ഭൂരിപക്ഷം ഓഹരി പങ്കാളിത്തമുള്ളതുമായ ഒരു കമ്പനിയോ, കോർപ്പറേറ്റ് ബോഡിയോ അല്ലെങ്കിൽ ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി ബോഡിയോ എന്നർത്ഥമാകുന്നു;

(കെ) "സെക്രട്ടറി" എന്നാൽ ബോർഡിന്റെ സെക്രട്ടറി എന്ന് അർത്ഥമാകുന്നു.

## അദ്ധ്യായം 2

## ബോർഡിന്റെ രൂപീകരണം

3. ബോർഡിന്റെ രൂപീകരണം.—(1) സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭത്തീയതിയ്ക്ക് ശേഷം, കഴിയുന്നത്ര വേഗം, ഈ ആക്റ്റിൻകീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി, ഗസറ്റ് വിജ്ഞാപനം വഴി, 'കേരള പബ്ളിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്' എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) ബോർഡ്, ശാശ്വതപിന്തുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും മേൽപ്പറഞ്ഞ പേരിൽ സ്വതന്ത്രവും സ്വയംഭരണാവകാശത്തോടും കൂടിയ ഒരു ഏകാംഗീകൃതനികായം ആയിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) ബോർഡിൽ സർക്കാർ നിയമിക്കുന്ന ഒരു ചെയർപേഴ്സണും നാല് അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെടുന്ന ആളും ആയിരിക്കേണ്ടതാണ്.

(4) ബോർഡിന്റെ ചെയർപേഴ്സൺ സർക്കാരിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു സ്ഥാനം വഹിക്കുന്നതോ, വഹിച്ചിരുന്നതോ ആയതും ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ ബോർഡിലെ അംഗം എന്ന നിലയിൽ പ്രവൃത്തിപരിചയം ഉള്ളതുമായ ഒരാളോ, ഭാരത സർക്കാരിന്റെയോ സംസ്ഥാനസർക്കാരിന്റെയോ കീഴിലുള്ള 'എ' വിഭാഗത്തിൽപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനത്തിൽ മാനേജിങ് ഡയറക്ടറായി അഞ്ച് വർഷത്തെ പ്രവൃത്തിപരിചയം ഉള്ള ഒരാളോ ആയിരിക്കേണ്ടതാണ്.

(5) ബോർഡിലെ അംഗങ്ങൾ,—

(i) സാങ്കേതികം അല്ലെങ്കിൽ മാർക്കറ്റിങ് അല്ലെങ്കിൽ മാനവവിഭവശേഷി എന്നിവയിലുള്ള ജനറൽ മാനേജ്മെന്റ്;

(ii) ധനകാര്യം, അക്കൗണ്ട്സ് അല്ലെങ്കിൽ കോസ്റ്റ് അക്കൗണ്ട്സ്;

(iii) നിയമം;

(iv) ഭരണ നിർവ്വഹണം (അഡ്മിനിസ്ട്രേഷൻ);

എന്നീ മേഖലയിൽ പ്രവൃർത്തിപരിചയം ഉള്ള ആളുകളായിരിക്കേണ്ടതാണ്.

(6) (5)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഒരു പ്രത്യേക മേഖലയിൽ നിന്നും ഒന്നിൽ കൂടുതൽ അംഗങ്ങൾ ഒരേ സമയം ബോർഡിൽ ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല.

(7) സർക്കാരിന്, സർക്കാരിന്റെ സ്പെഷ്യൽ സെക്രട്ടറിയുടെ തസ്തികയോ തത്തുല്യമായ തസ്തികയോ അല്ലെങ്കിൽ 'എ' വിഭാഗത്തിൽപ്പെട്ട പൊതുമേഖലാ സ്ഥാപനത്തിൽ ഏതെങ്കിലും സമയത്ത് കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തിപരിചയമുള്ള, മാനേജിങ് ഡയറക്ടർക്ക് തുല്യമായ തസ്തികയോ വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാളെ ബോർഡിന്റെ സെക്രട്ടറിയായി നിയമിക്കാവുന്നതാണ്. അദ്ദേഹത്തിന് അറുപത്തിരണ്ട് വയസ്സിൽ കൂടുതൽ പ്രായം ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല. സെക്രട്ടറി, ഈ ആക്റ്റിന്റെ കീഴിലുള്ളതും ബോർഡ് അധികാരപ്പെടുത്തിയേക്കാവുന്നതുമായ അത്തരം അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

(8) ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കേണ്ടതാണ്.

4. <u>അംഗത്വത്തിനുള്ള അയോഗ്യത.</u>—ഒരാൾ,—

(i) ബുദ്ധിസ്ഥിരത ഇല്ലാത്തയാളോ;

(ii) അവിമുക്ത നിർധനനോ;

(iii) ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ പൊതുമേഖലാ സ്ഥാപനത്തിന്റെയോ ഒരു ഔദ്യോഗികസ്ഥാനം വഹിക്കുന്ന ആളോ ഒരു ജീവനക്കാരനോ ;

(iv) പാർലമെന്റിന്റെയോ ഏതെങ്കിലും സംസ്ഥാന നിയമസഭയുടെയോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയോ അംഗമോ;

(v) സാന്മാർഗ്ഗികദൂഷ്യമോ അഴിമതി കുറ്റാരോപണമോ ഉൾപ്പെടുന്ന ഏതെങ്കിലും കുറ്റത്തിന് ഒരു ക്രിമിനൽ കോടതിയാൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള ആളോ;

(vi) ഒരു കോടതി ഉത്തരവ് മൂലം ഏതെങ്കിലും ഔദ്യോഗികസ്ഥാനം വഹിക്കുന്നതിൽ നിന്ന് നീക്കം ചെയ്യപ്പെട്ട ആളോ;

ആണെങ്കിൽ അയാൾ ബോർഡിന്റെ അംഗമായിരിക്കുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

5. <u>ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗകാലാവധിയും സേവന വ്യവസ്ഥകളും.</u>—(1) ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും, അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ നാല് വർഷക്കാലം പൂർത്തിയാകുന്നതുവരെയോ അറുപത്തിയഞ്ച് വയസ്സ് തികയുന്നതുവരെയോ, ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത്, അതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്.

(2) ബോർഡിന്റെ ചെയർപേഴ്സണോ അംഗത്തിനോ സർക്കാരിന് സ്വന്തം കൈപ്പടയിൽ എഴുതി അറിയിപ്പ് നൽകിക്കൊണ്ട് ഏതുസമയത്തും അവരുടെ ഔദ്യോഗികസ്ഥാനം രാജി വയ്ക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻ കീഴിലോ മറ്റുവിധത്തിലോ ഉണ്ടാകുന്ന ഒഴിവ് പുതിയ നിയമനം മുഖേന നികത്തേണ്ടതാണ്.

(4) ഒരു താൽക്കാലിക ഒഴിവ് നികത്തുന്നതിനായി നിയമിക്കപ്പെട്ട ഒരു അംഗത്തിന്റെ ഔദ്യോഗിക കാലാവധി, ഏത് അംഗത്തിന്റെ ഒഴിവിലേക്കാണോ അദ്ദേഹം നിയമിക്കപ്പെട്ടത് ആ അംഗം ഔദ്യോഗികസ്ഥാനം വഹിക്കുമായിരുന്ന കാലയളവിലേയ്ക്ക് മാത്രം ആയിരിക്കുന്നതാണ്.

(5) സർക്കാരിന് ഉത്തരവ് മൂലം ചെയർപേഴ്സണെയോ മറ്റ് ഏതൊരു അംഗത്തെയോ, അയാൾ,—

(i) ഒരു അവിമുക്ത നിർദ്ധനനായിത്തീരുകയോ;

(ii) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗികദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിനോ അഴിമതിയ്ക്കോ ക്രിമിനൽകുറ്റത്തിനോ കുറ്റസ്ഥാപനം ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുകയോ;

(iii) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ;

(iv) അംഗം എന്ന നിലയിലുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ വിസമ്മതിക്കുകയോ;

(v) ബോർഡിന്റെ അനുവാദം കൂടാതെ ബോർഡിന്റെ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ;

(vi) സർക്കാരിന്റെ അഭിപ്രായത്തിൽ, തൽസ്ഥാനത്ത് തുടരുന്നത് ബോർഡിന്റെ താൽപ്പര്യത്തിനോ പൊതുതാൽപ്പര്യത്തിനോ ഹാനികരമാകത്തക്ക വിധത്തിൽ തന്റെ ഔദ്യോഗികസ്ഥാനം ദുരുപയോഗം ചെയ്യുകയോ;

ചെയ്യുന്ന പക്ഷം, ഔദ്യോഗിക സ്ഥാനത്തു നിന്നു നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിൻ കീഴിൽ യാതൊരാളെയും അയാൾക്ക് പറയുവാനുള്ളതു പറയുവാൻ ന്യായമായ ഒരവസരം നൽകാതെ നീക്കംചെയ്യുവാൻ പാടുള്ളതല്ല.

(6) ചെയർപേഴ്സണോ അംഗമോ ആയി ഒരിക്കൽ നിയമിക്കപ്പെട്ട ആൾക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(7) ചെയർപേഴ്സണും അംഗങ്ങളും മുഴുവൻസമയ ഉദ്യോഗസ്ഥർ ആയിരിക്കുന്നതും അവർക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ശമ്പളത്തിനും ബത്തകൾക്കും അർഹതയുണ്ടായിരിക്കുന്നതുമാണ്.

6. <u>ബോർഡിന്റെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.</u>—(1) സർക്കാരിന്, ഉത്തരവ് മുഖേന, ബോർഡിന്റെ ഉചിതമായ നടത്തിപ്പിനായി, ആവശ്യമായത്ര എണ്ണം വിവിധതരത്തിലുള്ള തസ്തികകൾ സൃഷ്ടിക്കുകയും അവയ്ക്കുള്ള യോഗ്യതകളും നിയമനരീതിയും ശമ്പളവും ബത്തകളും മറ്റ് സേവന വേതന വ്യവസ്ഥകളും നിർണ്ണയിക്കാവുന്നതുമാണ്.

(2) ബോർഡ് രൂപീകരിക്കപ്പെട്ടതിനുശേഷം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം സർക്കാർ വകുപ്പുകളിൽനിന്ന് ഡെപ്യൂട്ടേഷൻ മുഖേനയോ അല്ലെങ്കിൽ നിയമനത്തിന്റെ നിബന്ധനകൾക്ക് സർക്കാർ അന്തിമരൂപം നൽകിയതിനുശേഷം ബോർഡിന് നേരിട്ടുള്ള നിയമനം വഴിയോ നടത്താവുന്നതാണ്.

7. ഒഴിവുകളും മറ്റും ബോർഡിന്റെ നടപടികളെ അസാധുവാക്കുന്നതല്ല.—ബോർഡിന്റെ യാതൊരു പ്രവൃത്തിയും അല്ലെങ്കിൽ നടപടികളും ബോർഡിൽ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതയോ ഉണ്ടെന്ന കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

8. ബോർഡിന്റെ യോഗങ്ങൾ.—(1) ചെയർപേഴ്സൺ യുക്തമെന്നു കരുതുന്ന അങ്ങനെയുള്ള സ്ഥലത്തും സമയത്തും, ആവശ്യമായി വരുമ്പോഴെല്ലാം, ബോർഡിന്റെ യോഗം ചേരേണ്ടതാണ്.

(2) ചെയർപേഴ്സന്റെ ശിപാർശയിന്മേൽ ബോർഡിന്റെ സെക്രട്ടറി യോഗങ്ങൾ വിളിച്ചു കൂട്ടേണ്ടതാണ്.

(3) ബോർഡിന്റെ യോഗങ്ങളിൽ ചെയർപേഴ്സണും അദ്ദേഹത്തിന്റെ അഭാവത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗവും ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(4) ഒരു യോഗത്തിന്റെ ക്വാറം ചെയർപേഴ്സൺ ഉൾപ്പെടെ മൂന്ന് ആയിരിക്കേണ്ടതാണ്.

(5) ബോർഡിന്റെ ഒരു യോഗത്തിന്റെ മുമ്പാകെ വരുന്ന ഏതൊരു സംഗതിയും ആ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും തുല്യവോട്ടുകളുടെ സംഗതിയിൽ ആ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്ന ചെയർപേഴ്സണ് അല്ലെങ്കിൽ അംഗത്തിന് ഒരു കാസ്റ്റിങ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(6) സെക്രട്ടറി ഓരോ യോഗത്തിന്റെയും നടപടി ക്രമങ്ങളുടെ ഒരു മിനിറ്റ്സ് ഈ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള ഒരു ബുക്കിൽ സൂക്ഷിക്കേണ്ടതും അതിൽ ചെയർപേഴ്സണും അല്ലെങ്കിൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ച അംഗവും, ആ യോഗത്തിൽ ഹാജരായ എല്ലാ അംഗങ്ങളും ഒപ്പുവച്ചിരിക്കേണ്ടതുമാണ്.

## അദ്ധ്യായം 3

## ബോർഡിന്റെ ചുമതലകളും അധികാരങ്ങളും

9. ബോർഡിന്റെ ചുമതലകളും അധികാരങ്ങളും.—(1) ബോർഡിന് താഴെപ്പറയുന്ന ചുമതലകളും അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) പൊതുമേഖലാസ്ഥാപനങ്ങളിലെ തസ്തികകളിലേയ്ക്കുള്ള ഉദ്യോഗാർത്ഥികളുടെ സെലക്ഷനെ സംബന്ധിച്ച് നിലവിലുള്ള മറ്റേതെങ്കിലും ആക്റ്റുകളിലോ ചട്ടങ്ങളിലോ റഗുലേഷനുകളിലോ ഉത്തരവുകളിലോ വിധിന്യായങ്ങളിലോ ഡിക്രികളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്ന തസ്തികകൾ അല്ലാതെയുള്ള വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനു

വേണ്ടിയുള്ള ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് ഈ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായും, അതതുസമയം ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള, 1958-ലെ കേരള സംസ്ഥാന സർവീസുകളും സബോർഡിനേറ്റ് സർവ്വീസുകളും ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, അപ്രകാരമുള്ള സ്ഥാപനത്തെ ഒരു യൂണിറ്റായി കണക്കാക്കിക്കൊണ്ട്, തയ്യാറാക്കേണ്ടതാണ്.

(ii) മറ്റ് പൊതുമേഖല സ്ഥാപനങ്ങളിലെ തസ്തികകളിലേയ്ക്കുള്ള ഉദ്യോഗാർത്ഥികളുടെ സെലക്ഷൻ സംബന്ധിച്ച് നിലവിലുള്ള മറ്റേതെങ്കിലും ആക്ടുകളിലോ ചട്ടങ്ങളിലോ റഗുലേഷനുകളിലോ ഉത്തരവുകളിലോ വിധിന്യായങ്ങളിലോ ഡിക്രികളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്ന തസ്തികകൾ അല്ലാതെയുള്ള വിവിധ തസ്തികകളിലേയ്ക്ക് ബന്ധപ്പെട്ട വകുപ്പ് വിജ്ഞാപനം മുഖേന ആവശ്യപ്പെടുകയും ബോർഡിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നതിൻമേൽ നിയമനം നടത്തുന്നതിനുവേണ്ടിയുള്ള ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് ബോർഡ്, അതതുസമയം ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള, 1958-ലെ കേരള സംസ്ഥാന സർവീസുകളും സബോർഡിനേറ്റ് സർവ്വീസുകളും ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, അപ്രകാരമുള്ള സ്ഥാപനത്തെ ഒരു യൂണിറ്റായി കണക്കാക്കിക്കൊണ്ട്, തയ്യാറാക്കേണ്ടതാണ്.

(iii) വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൻ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മാനേജിങ് ഡയറക്ടർമാരുടെയോ മേധാവിയുടെയോ തസ്തികകളിലേയ്ക്കുള്ള സെലക്ഷൻ സംബന്ധിച്ച് നിലവിലുള്ള മറ്റേതെങ്കിലും ആക്ടുകളിലോ ചട്ടങ്ങളിലോ റഗുലേഷനുകളിലോ ഉത്തരവുകളിലോ വിധിന്യായങ്ങളിലോ ഡിക്രികളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അനുയോജ്യരായ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനായി സർക്കാരിനോട് ബോർഡ് ശിപാർശ ചെയ്യേണ്ടതും വിജിലൻസിന്റെ ക്ലിയറൻസും മന്ത്രിസഭയുടെ അംഗീകാരവും നേടിയതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിങ് ഡയറക്ടർമാരെയും മേധാവിയേയും സർക്കാർ നിയമിക്കേണ്ടതുമാണ്.

(iv) സെലക്ഷൻ പ്രക്രിയയുടെ ഭാഗമായി, ബോർഡ് അപേക്ഷകൾ ക്ഷണിക്കുകയും യോഗ്യതാപത്രങ്ങൾ പരിശോധിക്കുകയും തങ്ങൾക്ക് ഉചിതമെന്നു തോന്നുന്നപ്രകാരം ചോദ്യപേപ്പർ തയ്യാറാക്കുകയും, പരീക്ഷയുടെ മേൽനോട്ടവും, ഉത്തരക്കടലാസ് മൂല്യനിർണ്ണയവും ഉൾപ്പെടെ എഴുത്തു പരീക്ഷയോ ഓൺലൈൻ പരീക്ഷയോ നടത്തുകയും, അതതു സംഗതിപോലെ, ഗ്രൂപ്പ് ചർച്ചകളോ ഉദ്യോഗാർത്ഥികളുമായി അഭിമുഖം നടത്തുകയോ ചെയ്യേണ്ടതും പൊതുമേഖല സ്ഥാപനങ്ങളും മറ്റ് പൊതുമേഖല സ്ഥാപനങ്ങളും നിയമനം നടത്തുന്നതിനുവേണ്ടിയുള്ള സെലക്ട് ലിസ്റ്റ്, ഒരു കുറഞ്ഞ കാലയളവിനുള്ളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്.

(v) പരീക്ഷകൾ ശരിയായ വിധത്തിൽ നടത്തുന്നതിനും ചോദ്യക്കടലാസ് തയ്യാറാക്കുന്നതിന്റെ രഹസ്യസ്വഭാവം കാത്തു സൂക്ഷിക്കുന്നതിനും മൂല്യനിർണ്ണയത്തിനും അഭിമുഖം നടത്താനുള്ള ഉദ്യോഗാർത്ഥികളുടെ പട്ടിക തയ്യാറാക്കുന്നതിനും അന്തിമ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനും രേഖകളുടെ ഭദ്രമായ സൂക്ഷിപ്പിനും ബോർഡ് ഉത്തരവാദി ആയിരിക്കുന്നതാണ്.

(vi) ഒരു തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം അമ്പതിൽ താഴെയാണെങ്കിൽ ബോർഡിന് എഴുത്തു പരീക്ഷയോ ഓൺലൈൻ പരീക്ഷയോ ഒഴിവാക്കാവുന്നതും അങ്ങനെയുള്ള സംഗതികളിൽ ബോർഡിന്റെ തീരുമാനപ്രകാരം, അതതു സംഗതിപോലെ, അഭിമുഖത്തിന്റെയോ ഗ്രൂപ്പ് ചർച്ചയുടെയോ അല്ലെങ്കിൽ രണ്ടിന്റെയും കൂടിയോ അടിസ്ഥാനത്തിൽ സെലക്ഷൻ നടത്താവുന്നതുമാണ്.

(vii) ഒരു പൊതുമേഖലാ സ്ഥാപനത്തിലെ ഒന്നിലധികം തസ്തികകളിലേയ്ക്കോ ഒന്നിലധികം പൊതുമേഖലാ സ്ഥാപനങ്ങളിലെ തസ്തികകളിലേയ്ക്കോ അപേക്ഷിക്കുന്ന ഒരു അപേക്ഷകന് ഒന്നിലധികം പരീക്ഷകൾക്ക് ഹാജരാകാനുള്ള അവകാശം നിഷേധിക്കപ്പെടുന്നില്ല എന്നത് ബോർഡ് ഉറപ്പുവരുത്തേണ്ടതാണ്:

എന്നാൽ, ബോർഡ് നടത്തുന്ന പരീക്ഷകളിൽ വിവിധ തസ്തികകളിലേയ്ക്ക് ഒരു അപേക്ഷകൻ അപേക്ഷിക്കുന്ന പക്ഷവും ബോർഡ് ഒന്നിലധികം തസ്തികകളിലേയ്ക്ക് ഒരേ ദിവസം പരീക്ഷ നടത്തുന്ന സാഹചര്യത്തിലും ഈ അവകാശം അപ്രകാരമുള്ള ഉദ്യോഗാർത്ഥിക്ക് ലഭ്യമാകുന്നതല്ല.

(viii) കേരള പബ്ലിക് സർവീസ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ള സംവരണമാനദണ്ഡങ്ങൾ ബോർഡ് കർശനമായി പാലിക്കേണ്ടതാണ്.

(2) ബോർഡ്, പരീക്ഷകളുമായും സെലക്ഷൻ പ്രക്രിയയിലെ ഓരോ പ്രവർത്തനവുമായും ബന്ധപ്പെട്ട രേഖകൾ, അവ സൂക്ഷിക്കുന്നതിനുള്ള ഒരു കാലയളവ് നിശ്ചയിച്ചുകൊണ്ട്, ഇലക്ട്രോണിക് രീതിയിലും സുരക്ഷിതമായ സൂക്ഷിപ്പിൽ വയ്ക്കേണ്ടതാണ്.

(3) ബോർഡ്, അതതുസംഗതിപോലെ, എഴുത്ത് പരീക്ഷയോ ഓൺലൈൻ പരീക്ഷയോ നടത്തിയതിന് ശേഷം സെലക്ഷൻ പ്രക്രിയയുടെ തുടർന്നുള്ള നടപടിക്കായി എഴുത്ത് പരീക്ഷയ്ക്കോ ഓൺലൈൻ പരീക്ഷയ്ക്കോ ഒരു കട്ട് ഓഫ് ലെവൽ മാർക്ക് നിശ്ചയിക്കേണ്ടതാണ്.

(4) ബോർഡ് സെലക്ഷൻ പ്രക്രിയ പൂർത്തിയാക്കിയാലുടൻതന്നെ, പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും നിയമന ഉത്തരവുകൾ

പുറപ്പെടുവിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനായി സെലക്റ്റ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ പട്ടിക വിജ്ഞാപനം ചെയ്യേണ്ടതാണ്.

(5) ബോർഡ്, അതതുസംഗതിപോലെ, എഴുത്ത് പരീക്ഷയോ ഓൺലൈൻ പരീക്ഷയോ നടത്തുന്നതിനുള്ള വ്യാപകമായ പരസ്യം നൽകിക്കൊണ്ട് അപേക്ഷകൾ ക്ഷണിക്കുന്നതിനും തുടർന്നുള്ള സെലക്ഷൻ പ്രക്രിയയ്ക്കുള്ള ഉദ്യോഗാർത്ഥികളുടെ പട്ടിക തയ്യാറാക്കുന്നതിനും അഭിമുഖം നടത്തുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളുടെയും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉദ്യോഗാർത്ഥികളെ സെലക്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടതിൻമേലുള്ള നിയമനം നടത്തുന്നതിനുമായി സെലക്റ്റ് ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ പട്ടിക വിജ്ഞാപനം ചെയ്യുന്നതിനും വേണ്ടിയുള്ള നടപടിക്രമങ്ങൾ രൂപീകരിക്കേണ്ടതാണ്.

(6) ബോർഡിന് സെലക്ഷൻ നടത്തേണ്ട ഒഴിവുള്ള തസ്തികകൾ കണ്ടെത്തുന്നതിനു വേണ്ടി ആവശ്യമായതുൾപ്പെടെ, ബോർഡിന്റെ ചുമതലകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു വേണ്ടി വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് പൊതുമാർഗ്ഗനിർദ്ദേശങ്ങൾ നൽകാവുന്നതാണ്. ആവശ്യപ്പെടുന്ന വിവരങ്ങളിൽ ഒഴിവുള്ള തസ്തികകൾക്കുള്ള സർക്കാരിന്റെ അംഗീകാരം, ശമ്പളസ്കെയിലുകൾ, മാനവശേഷിയുമായി ബന്ധപ്പെട്ട് പ്രസ്തുത പൊതുമേഖലാസ്ഥാപനം നടത്തിയ പഠന റിപ്പോർട്ടുകൾ, ജോലിയുടെ വിവരണം, ജോലിയുടെ സവിശേഷ ആവശ്യകതകൾ, പ്രായപരിധി, ജോലി സ്ഥിരസ്വഭാവമുള്ളതോ അതോ ഒരു പ്രത്യേക പ്രോജക്റ്റിനായി മാത്രമായിട്ടുള്ളതാണോ എന്നത്, തസ്തിക ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതാണോ അല്ലയോ എന്നിവ ഉൾപ്പെടാവുന്നതാണ്.

(7) ബോർഡിന് നിർബന്ധമായും റഫർ ചെയ്യപ്പെടുന്ന തസ്തികകൾക്കു വേണ്ടിയുള്ള അംഗീകരിക്കപ്പെട്ട വിശേഷാൽ ചട്ടങ്ങളോ നിയമന ചട്ടങ്ങളോ സംബന്ധിച്ച വിവരങ്ങളും ബോർഡിനകത്തെ ഉദ്യോഗക്കയറ്റങ്ങളുമായി ബന്ധപ്പെട്ട് ജീവനക്കാരുമായുള്ള കരാറുകളുടെ വിശദ വിവരങ്ങളും ബോർഡിന് ഈ സംഗതി റഫർ ചെയ്ത പൊതുമേഖലാസ്ഥാപനത്തിന്റെയോ ബന്ധപ്പെട്ട മറ്റ് പൊതുമേഖലാസ്ഥാപനത്തിന്റെയോ ഡയറക്ടർബോർഡിന്റെ തീരുമാനം എന്നിങ്ങനെയുള്ള വിവരങ്ങളും ബോർഡിന് ആരായാവുന്നതാണ്.

## അദ്ധ്യായം 4

## ധനകാര്യം

10. ബോർഡിന്റെ ഫണ്ട് .—(1) ബോർഡ്, "ബോർഡ് ഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് വച്ചുപോരേണ്ടതും അതിലേയ്ക്ക് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ്

പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ലഭിക്കുന്ന ഗ്രാന്റുകളും വായ്പകളും, അപേക്ഷാഫീസ്, ബോർഡ് നല്കിയ സേവനത്തിന്, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച എല്ലാ ഫീസും പണവും നിക്ഷേപങ്ങളും പണം അടവുകളും ഫണ്ടുകളും ബോർഡിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട ലഭിക്കുന്ന മറ്റു പലവക വരുമാനങ്ങളും വരവ് വയ്ക്കേണ്ടതുമാണ്:

എന്നാൽ, പ്രത്യേക ആവശ്യങ്ങൾക്കായി പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്.

(2) സർക്കാരിൽ നിന്നും ബോർഡിലേക്കു ലഭിക്കുന്ന എല്ലാ പണവും, നിലവിലുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കേണ്ടതാണ്, എന്നിരുന്നാലും, സ്വന്തമായുള്ള ഫണ്ടുകൾ ബാങ്കിൽ സൂക്ഷിക്കുകയോ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബോർഡ് നിശ്ചയിച്ചേക്കാവുന്ന മറ്റേതെങ്കിലും പ്രകാരത്തിൽ നിക്ഷേപിക്കുകയോ ചെയ്യാവുന്നതാണ്.

(3) ബോർഡ് ഫണ്ടിന്റെ സൂക്ഷിപ്പ്, അതിൽ നിന്നുള്ള പണം നൽകലുകൾ, അതിൽ നിന്നുള്ള പണം പിൻവലിക്കലുകൾ, ബന്ധപ്പെട്ട മറ്റുള്ള കാര്യങ്ങൾ എന്നിവ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബോർഡ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുഖേന നിയന്ത്രിക്കേണ്ടതാണ്.

(4) ആക്റ്റിൻകീഴിൽ ബോർഡിനുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനും ഉണ്ടാകുന്ന ചെലവുകൾ ഉൾപ്പെടെയുള്ള ബോർഡിന്റെ ചെലവുകൾ നേരിടുന്നതിന് ബോർഡ് ഫണ്ട് ഉപയോഗിക്കേണ്ടതാണ്.

11. <u>ബജറ്റ്</u>.—ബോർഡ്, ഓരോ സാമ്പത്തികവർഷവും അടുത്ത സാമ്പത്തിക വർഷത്തിലേയ്ക്ക് പ്രതീക്ഷിക്കാവുന്ന വരവുചെലവുകളെ സംബന്ധിച്ച ഒരു ബജറ്റ് തയ്യാറാക്കേണ്ടതും അപ്രകാരം തയ്യാറാക്കിയ ബജറ്റിന്റെ, സർക്കാർ ആവശ്യപ്പെടുന്നത്രയും പകർപ്പുകൾ, ഓരോ സാമ്പത്തിക വർഷവും ആരംഭിച്ച് രണ്ട് മാസത്തിനുള്ളിൽ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

12. <u>അക്കൗണ്ടുകളും ഓഡിറ്റുകളും</u>.—(1) ബോർഡ്, ശരിയായ കണക്കുകളും മറ്റ് പ്രസക്തമായ രേഖകളും വച്ചുപോരേണ്ടതും അക്കൗണ്ടന്റ് ജനറലുമായി കൂടിയാലോചിച്ചുകൊണ്ട്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) ബോർഡിന്റെ അക്കൗണ്ടുകൾ വർഷംതോറും അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തേണ്ടതും അപ്രകാരമുള്ള കൺകറന്റ് ഓഡിറ്റ്, ഇന്റേണൽ ഓഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ചെലവ് ബോർഡ് നൽകേണ്ടതുമാണ്.

(3) അക്കൗണ്ടന്റ് ജനറലിനും ഈ ആക്റ്റിൻകീഴിൽ ബോർഡിന്റെ അക്കൗണ്ടുകളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമിക്കുന്ന ഏതൊരാൾക്കും സാധാരണയായി അക്കൗണ്ടന്റ് ജനറലിന് സർക്കാർ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുമ്പോഴുള്ള അതേ അധികാരങ്ങളും വിശേഷാവകാശങ്ങളും ഉണ്ടായിരിക്കുന്നതും, ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റു രേഖകളും പേപ്പറുകളും ഹാജരാക്കുന്നതിന് ആവശ്യപ്പെടാനും ബോർഡിന്റെ ഏതൊരു ഓഫീസും പരിശോധിക്കുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതുമാണ്. ബോർഡ് യഥാവിധി അംഗീകരിച്ച അക്കൗണ്ടുകൾ ഓരോ സാമ്പത്തിക വർഷവും പൂർത്തിയായി മൂന്ന് മാസത്തിനുള്ളിൽ ഓഡിറ്റിനായി അക്കൗണ്ടന്റ് ജനറലിന് റഫർ ചെയ്യേണ്ടതാണ്.

(4) അക്കൗണ്ടന്റ് ജനറലോ അദ്ദേഹം ഈ ആവശ്യത്തിലേയ്ക്കായി നിയോഗിച്ച മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള ബോർഡിന്റെ അക്കൗണ്ടുകൾ, അതിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് സഹിതം, ബോർഡ് വർഷംതോറും സർക്കാരിന് അയച്ചു കൊടുക്കേണ്ടതും സർക്കാർ അത് ലഭിച്ച തീയതി മുതൽ ആറ് മാസക്കാലയളവിനുള്ളിൽ ആയത് നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതുമാണ്.

13. <u>വാർഷിക റിപ്പോർട്ട്.</u>—ബോർഡ്, മുൻ സാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന വാർഷിക റിപ്പോർട്ട്, ഓരോ സാമ്പത്തിക വർഷത്തേയ്ക്കും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിലും സമയത്തും തയ്യാറാക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് ഓരോ സാമ്പത്തികവർഷവും പൂർത്തിയായശേഷം മൂന്നു മാസത്തിനുള്ളിൽ സർക്കാരിലേയ്ക്ക് നേരിട്ട് അയച്ചു കൊടുക്കേണ്ടതും സർക്കാർ അത് ലഭിച്ച തീയതിമുതൽ ആറ് മാസക്കാലയളവിനുള്ളിൽ നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതുമാണ്.

## അദ്ധ്യായം 5

### പലവക

14. <u>ബോർഡിന്റെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും പബ്ലിക് സർവ്വന്റുമാർ ആയിരിക്കണമെന്ന്.</u>—ബോർഡിന്റെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും 1860-

ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ (1860 - ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർഥവ്യാപ്തിയിൽപ്പെടുന്ന പബ്ലിക് സർവ്വന്റുമാരായി കരുതപ്പെടുന്നതാണ്.

15. <u>ഉത്തമവിശ്വാസപൂർവം ചെയ്യുന്ന പ്രവൃത്തിയ്ക്കുള്ള സംരക്ഷണം</u>.—ഈ ആക്റ്റ് പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിനോ ബോർഡിന്റെ ചെയർപേഴ്സണോ ഏതെങ്കിലും അംഗത്തിനോ സെക്രട്ടറിയ്ക്കോ മറ്റേതെങ്കിലും ജീവനക്കാരനോ എതിരായി യാതൊരുവിധ വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

16. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യാനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിലേയ്ക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ രണ്ട് വർഷക്കാലയളവിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനു ശേഷം കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

17. <u>റഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം</u>.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, പരീക്ഷയുടെ ശരിയായ നടത്തിപ്പിനും സെലക്ഷൻ പ്രക്രിയയിലെ മറ്റ് പ്രവർത്തനങ്ങൾക്കുംവേണ്ടി ആവശ്യമായ റഗുലേഷനുകൾ പുറപ്പെടുവിക്കാവുന്നതാണ്.

18. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ചട്ടങ്ങളിൽ, പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്കു ഭംഗം വരാതെയും താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(i) പരീക്ഷകളും സെലക്ഷൻ പ്രക്രിയയും ഉചിതമായ രീതിയിൽ നടത്തുന്നതിനുള്ള നടപടിക്രമം;

(ii) ഏതൊക്കെ വിവിധ തസ്തികകളിലേക്കാണോ റിക്രൂട്ട്മെന്റ് നടത്തുന്നത് അവയുടെ പേരും സ്വഭാവവും;

(iii) ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും, ഉദ്യോഗസ്ഥന്മാർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ അനുസരിച്ചുള്ള അവരുടെ മറ്റ് സേവന വേതന വ്യവസ്ഥകളും;

(iv) വിവിധ തസ്തികകൾക്കു വേണ്ടിയുള്ള സെലക്ട് ലിസ്റ്റുകൾ തയ്യാറാക്കുന്നതിനു വേണ്ടി അനുവർത്തിക്കേണ്ട സംവരണം സംബന്ധിച്ച്;

(v) കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെൻറ് തയ്യാറാക്കേണ്ട മാതൃക;

(vi) വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട മാതൃകയും സമയവും;

(vii) നിർണ്ണയിക്കപ്പെടേണ്ട മറ്റേതെങ്കിലും കാര്യം.

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയതിനു ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

19. സാധൂകരണം.—2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ഓർഡിനൻസ് (2022-ലെ 14)-ന്റെ (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) കാലാവധി കഴിഞ്ഞതാണെന്നിരിക്കിലും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ, എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിയ്ക്കുമുമ്പും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതൊരു കാര്യവും എടുത്ത ഏതൊരു നടപടിയും, അവ പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നതുപോലെ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിൽ നിലവിൽ നിയമനങ്ങൾ നടത്തിവരുന്നത് പ്രധാനമായും മൂന്ന് തരത്തിലാണ്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/മാനേജിംഗ് ഡയറക്ടർ മുതലായ തസ്തികകളിൽ നിയമനം നടത്തുന്നത് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് മുഖേനയാണ്. മറ്റ് തസ്തികകളിലെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അതത് പൊതുമേഖലാ സ്ഥാപനങ്ങൾ അനുവർത്തിക്കുന്ന തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളിലൂടെയുമാണ്. വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയോ കേരള പബ്ളിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് മുഖേനയോ നിയമനം നടത്താത്ത തസ്തികകളിലേയ്ക്കും വ്യവസായ വാണിജ്യ വകുപ്പിന്റെയല്ലാതെ മറ്റ് വകുപ്പുകളുടെ ഭരണനിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ട വിവിധ തസ്തികകളിലേയ്ക്ക് ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെടുന്നതിൻമേൽ, സുതാര്യവും ഏകീകൃതവുമായ രീതിയിൽ നിയമനം നടത്തുന്നതിനുവേണ്ടി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് രൂപീകരിക്കുന്നതിന്, പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) ശിപാർശ ചെയ്യുകയും പ്രസ്തുത ആവശ്യത്തിലേയ്ക്ക് മേൽപ്പറഞ്ഞ ബോർഡ് രൂപീകരിക്കാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തു.

പ്രസ്തുത ആവശ്യത്തിലേയ്ക്കായി 2022-ലെ ദി കേരള പബ്ലിക് എൻർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ് (2022-ലെ 14) 2022 ജൂൺ 2-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2022 ജൂൺ 3-ാം

തീയതിയിലെ 1838 -ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം 2022 ആഗസ്റ്റ് 8-ാം തീയതി ഇല്ലാതായിത്തീർന്ന സാഹചര്യത്തിൽ, പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടും, പ്രസ്തുത ഓർഡിനൻസ് പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷവും ഈ ബിൽ ആക്ടായി ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിയ്ക്കു മുമ്പുവരെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത എല്ലാ കാര്യങ്ങൾക്കും നടപടികൾക്കും സാധൂകരണം നൽകുന്നതിനായുള്ള ഒരു വ്യവസ്ഥ കൂടി ഉൾപ്പെടുത്തിക്കൊണ്ടുമുള്ള കേരള നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡപ്രകാരം രൂപീകരിക്കാനുദ്ദേശിക്കുന്ന കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡിന്റെ രൂപീകരണത്തിന് പ്രാരംഭ ചെലവ് രണ്ടു കോടി രൂപയാണ്. പ്രസ്തുത തുക സംസ്ഥാന സർക്കാർ, പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്)-ന് നൽകുന്ന 2022-23 വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വഹിക്കുന്നതാണ്. തുടർന്നുണ്ടാകുന്ന ചെലവുകൾ, ബോർഡ് ഫണ്ടിൽ നിന്നും, ബോർഡ് സ്വയം വഹിക്കുന്നതാണ്.

ആയതിനാൽ, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 2,00,00,000 (രണ്ടു കോടി രൂപ മാത്രം) രൂപയുടെ അനാവർത്തക ചെലവ് ഉണ്ടാകുന്നതാണ്. ഈ ഇനത്തിൽ ആവർത്തക ചെലവ് ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം ആക്റ്റ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കുന്നതിന്, സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 5-ാം ഖണ്ഡത്തിന്റെ (7)-ാം ഉപഖണ്ഡം, ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു;

3. ബില്ലിലെ 6-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം, ബോർഡിന്റെ ശരിയായ നടത്തിപ്പിനുവേണ്ടി സൃഷ്ടിക്കപ്പെടുന്ന തസ്തികകൾക്ക് വേണ്ട യോഗ്യതകളും നിയമന രീതിയും ശമ്പളവും അലവൻസുകളും മറ്റ് സേവന വേതന വ്യവസ്ഥകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 12-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം, അക്കൗണ്ടന്റ് ജനറലുമായി കൂടിയാലോചന നടത്തി, ബോർഡിന്റെ കണക്കുകളും മറ്റ് പ്രധാനപ്പെട്ട രേഖകളും വാർഷിക കണക്കുകളുടെ സ്റ്റേറ്റുമെന്റും വച്ചുപോരുന്നതിനുള്ള ഫാറം നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 13-ാം ഖണ്ഡം ഓരോ സാമ്പത്തിക വർഷത്തിലും, മുൻ സാമ്പത്തികവർഷത്തിലെയും ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഫാറവും സമയവും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 16-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് വഴി പ്രസ്തുത വൈഷമ്യം നീക്കം ചെയ്യുന്നതിലേയ്ക്ക് ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ബില്ലിലെ 17-ാം ഖണ്ഡം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, പരീക്ഷയുടെ ശരിയായ നടത്തിപ്പിനും സെലക്ഷൻ പ്രക്രിയയിലെ മറ്റ് പ്രവർത്തനങ്ങൾക്കും വേണ്ടി ആവശ്യമായ റെഗുലേഷനുകൾ പുറപ്പെടുവിക്കാൻ ബോർഡിനെ അധികാരപ്പെടുത്തുന്നു.

8. ബില്ലിലെ 18-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ

അവ ഉണ്ടാക്കിയതിനുശേഷം, നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണസ്വഭാവത്തോടു കൂടിയതാണ്.

പി. രാജീവ്.